**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4073** **28-06-2024 - ൽ മറുപടിയ്ക്ക്**

**ജനസംഖ്യാനുപാതികമായി ആരോഗ്യ സേവന സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ സേവനസംവിധാനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | നവകേരള കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയുടെ സമഗ്ര പരിവർത്തനം ലഭ്യമാക്കികൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും ആശുപത്രി ചികിത്സയ്ക്കായുള്ള രോഗികളുടെ ചെലവ് കുറച്ചു കൊണ്ടുവരുന്നതിനും കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യപ്പെട്ട ആശുപത്രികളിൽ ഒ.പി സമയം വൈകിട്ട് 6.00 മണിവരെ ദീർഘിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. കിഫ്ബി, നബാർഡ് ധനസഹായത്തോട്ടുകൂടി അടിസ്ഥാന സൗകര്യ രംഗത്ത് വലിയ മാറ്റം കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനും മുൻകൂട്ടി ചികിത്സിക്കുന്നതിനുമായി ജീവിതശൈലീ രോഗ പദ്ധതി, നേത്ര സംബന്ധമായ എല്ലാ അസുഖങ്ങൾക്കും ദേശീയ അന്ധതാ നിവാരണ പദ്ധതി എന്നിവ ആരംഭിച്ചു. ജനസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉപആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു. എൻ.സി.ഡി ക്ലിനിക്ക്, വെൽ-വിമെൻ ക്ലിനിക്ക് എന്നിവ ആരംഭിച്ചു. കുട്ടികളുടെ കുഷ്ഠരോഗം പ്രാരംഭത്തിൽ കണ്ടു പിടിക്കുന്നതിലൂടെ ചികിത്സ നൽകുന്നതിന് ബാലമിത്ര, ഡയബറ്റിക് കുട്ടികൾക്കുവേണ്ടി മിഠായി പദ്ധതി എന്നിവ ആരംഭിച്ചു. പ്രസവശേഷം അമ്മയെയും കുഞ്ഞിനെയും സൗജന്യമായി വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി നടപ്പിലാക്കി. ഗവൺമെന്റ് ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി (NQAS) വരുന്നു. മാതൃശിശു മരണനിരക്ക് കുറയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടി ലക്ഷ്യ പദ്ധതി നടപ്പിലാക്കി. രോഗികളുടെ സുരക്ഷയും മികച്ച ക്ലിനിക്കൽ ഫലങ്ങളും ഉറപ്പാക്കുന്നതിന് ബയോ മെഡിക്കൽ എക്യുപ്മെന്റ് പ്രോഗ്രാം ആരംഭിച്ചു. ചെവിയും, കേൾവിയുമായി ബന്ധപ്പെട്ട രോഗങ്ങൾ നിർണ്ണയിക്കുവാൻ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ് അഥവാ ദേശീയ ബധിര നിയന്ത്രണ പദ്ധതി നടപ്പിലാക്കി. ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ പദ്ധതി ആരംഭിച്ചു. കൗമാര ആരോഗ്യ പദ്ധതിയായ രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം പദ്ധതി നടപ്പിലാക്കി. സംസ്ഥാന ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമായി ആർദ്രം പദ്ധതിയും ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇ-ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സ്നേഹ സാന്ത്വനം, അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ആവാസ്(AWAAZ), 18 വയസ്സിനു താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് കാൻസർ സുരക്ഷാ സ്കീം, പട്ടിക വർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷ (ട്രൈബൽ സ്കീം) എന്നീ പദ്ധതികൾ നടപ്പിലാക്കി. എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനു വേണ്ടി മെഡിസെപ്പ് പദ്ധതി നടപ്പിലാക്കി.<br><br>സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുന്നതിനായി Quality Improvement Programme നടപ്പിലാക്കി.<br><br>കുട്ടികൾക്ക് ജന്മനായുള്ള ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയകൾ ഹൃദ്യം പദ്ധതി വഴി സൗജന്യമായി നടപ്പിലാക്കി.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം പദ്ധതി, ശ്രുതി തരംഗം എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്തി ഏജൻസി വഴി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജനസംഖ്യാനുപാതികമായി ആരോഗ്യ സേവന സംവിധാനങ്ങളും സൗകര്യങ്ങളും വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായും വിവിധ ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എങ്കിൽ മലബാർ മേഖലയിൽ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർധിപ്പിക്കുന്നതിനും ആയതിന് ആനുപാതികമായി ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ? | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ